# കഥാകവിതകൾ - 8

## *മീശയെടുക്കുന്നതിനു മുമ്പ്*

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

ആദിയിൽ നസീറിന്റെ
പ്രേമം ചുരത്തുന്ന
കരമീശയായിരുന്നു.

കരിയ്ക്കു വന്ന വിലക്കേറ്റത്തിൽ,
കാമുകീ നിരനിയന്ത്രണപ്പൊല്ലീസ്
ബെത്ത ക്ഷാമവർദ്ധനമാക്കലിൽ
സ്റ്റാലിന്റെ കൊമ്പൻമീശാമുഖപ്രസാദം:
വിരുദ്ധമുന്നണി നേതാ
നിയമനക്കമ്മിറ്റിത്തലയാൾ —
അഭിമുഖത്തിൽ ജോലിനിഷേധം!

കൊമ്പൻ, കത്രികത്തടവലിൽ –
"ആണിന്നലങ്കാരം കൊമ്പൻമീശ"യെന്ന
മുത്തശ്ശിക്കഥയിലെ വ്യാകരണ-
പ്രത്യാഖ്യാന വ്യതിയാനം –
കുറ്റിച്ചൂൽ നിരത്തും മുള്ളൻപന്നി.

മീശ വടിച്ചു മടുക്കവേ
താടിനീട്ടി മുടിവളർത്തി
തോളിൽ തുണിസഞ്ചി തൂക്കി
സമത്വസമ്പത്തിന്നാചാര്യനായ്
"കേപ്പിറ്റ"ലിൽ കുടിയേറ്റം:
ചിക്കെൻഗുന്യയ്ക്കു മുമ്പേറിയ
ചിക്കെൻപോക്സിൻ വടുക്കൾ
ക്ഷൌരക്കത്തിയിലുടക്കിയ കഥ
മറവിമാറാപ്പിൽ പ്രതിച്ഛായ.

കാലമറവിൽ,

തുളവീഴും പുരക്കെട്ടും
തുരപ്പൻ തുരക്കും വേലിക്കെട്ടും
അരചന്റെയരമനപ്പള്ളിക്കെട്ടും
പപ്പടയരക്കെട്ടാം തലപ്പുറവും
ഉപ്പും കുരുമുളകും പുരട്ടി
താനേ നരയ്ക്കും മുഖപ്രസാദവും.

വാതുവെച്ച് തോറ്റക്കുടത്തൊപ്പിയിട്ട്
താടിമീശകൾ വടിച്ച്, നടക്കാവിൽ
വഴിനടന്ന്, വിധിക്കാവു താങ്ങി,
മുണ്ഡനത്തലമുടി ചന്തയിൽ വിറ്റ്
കീഴ്ത്തോളിൽ പാപഭാണ്ഡം തൂക്കി
ചെമ്മണ്ണിൽ കുന്തിച്ചിരിക്കും യോഗിയായ്;
അയൽപ്പെണ്ണിൻ കേശാലങ്കാര ബദലായ്
പരന്തരീസുതാടി വാജീകരണലേഹ്യമാക്കി
കുതിരപ്പുറത്ത് ജനലിലൂ,ടൂർന്നുവീഴുന്നോൾക്കു
കൈക്കുടന്ന വിരിച്ച മുല്ലപ്പൂ തല്പസൌരഭ്യം-
പഴകിയ പഴങ്കഥ മുത്തച്ഛർക്കോതിക്കൊടുത്ത്;
മീശയെടുത്തതിനു കാരണം തേടുന്നോർക്ക്
കാര്യവിചാരവിചാരണ,യൊരുക്കാൻ മറന്ന്;
സാക്ഷ്യം പറയാൻ പഴയ പറയോരെക്കൂട്ടി
മാധ്യമ മദ്ധ്യേ ഉച്ചഭാഷിണി പോഷിപ്പിക്കും.

സരയുവിൽ മുങ്ങിക്കുളിച്ചു കയറും മാസം
കേശാദിഭാരച്ചുമടേന്തി പടവുകയറും സ്പന്ദം!
****************************************************************